# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1366** **10-10-2024 - ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ നിയോജക മണ്ഡലത്തിൽനിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൊന്മള ഗവ യു. പി. സ്കൂൾ എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. Project Execution Document കിഫ്ബിയുടെ അനുമതിയ്ക്ക് നൽകിയിട്ടുണ്ട്. അംഗീകാരം ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എം.യു.പി.എസ് , പൊന്മള സ്കൂളിന്റെ DPR കിഫ്ബിയുടെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.<br><br>നിർമ്മാണത്തിനുള്ള സ്ഥലലഭ്യതക്കുറവും പ്ലാനിൽ ചില ഭേദഗതികൾ ആവശ്യമായി വന്നതിനാലുമാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. |
| (ബി) | പ്രവൃത്തിയുടെ പൂർത്തികരണത്തിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിന്റെ DPR കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. Project Execution Document കിഫ്ബിയുടെ അനുമതിയ്ക്ക് നൽകിയിട്ടുണ്ട്. അംഗീകാരം ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം പുരോഗമിച്ചു വരുന്നു.<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എം.യു.പി.എസ് , പൊന്മള സ്കൂളിന്റെ DPR കിഫ്ബിയുടെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.<br><br>നിർമ്മാണത്തിനുള്ള സ്ഥലലഭ്യതക്കുറവും പ്ലാനിൽ ചില ഭേദഗതികൾ ആവശ്യമായി വന്നതിനാലുമാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ